**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് 2017- വരണാധികാരികളെ സ്ഥാനനിർദ്ദേശം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം. 1753 /2017/തസ്വഭവ    തിരുവനന്തപുരം, തീയതി  27.05.2017.**

==========================================================================

പരാമർശം:- 1. 01.02.2017-ലെ സ.ഉ.(പി) നമ്പർ 7/2017/തസ്വഭവ വിജ്ഞാപനം.

2. സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷന്റെ 25.04.2017-ലെ 7924/ബി/2016/സം.തി.ക. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 97-ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുപ്പ് ആവശ്യത്തിലേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരുമായി കൂടിയാലോചിച്ച് സർക്കാരിലേയോ അല്ലെങ്കിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരേയോ വരണാധികാരികളായി സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017-ൽ മട്ടന്നൂർ നഗരസഭയിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിന് മുന്നോടിയായി നഗരസഭയിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം 35 ആയി നിശ്ചയിച്ച് സർക്കാർ സൂചന (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മട്ടന്നൂർ നഗരയഭയിലേക്കുള്ള തെരഞ്ഞെടുപ്പിനായി നഗരസഭയിലെ 1 മുതൽ 18 വരെയുള്ള വാർഡുകൾക്ക് കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും 19 മുതൽ 35 വരെയുള്ള വാർഡുകൾക്ക് കണ്ണൂർ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററേയും വരണാധികാരികളായി സ്ഥാനനിർദ്ദേശം ചെയ്യുന്നതിന് അംഗീകാരം നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ സെക്രട്ടറി സൂചന (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. മട്ടന്നൂർ നഗരയഭയിലെ 1 മുതൽ 18 വരെയുള്ള വാർഡുകൾക്ക് കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും 19 മുതൽ 35 വരെയുള്ള വാർഡുകൾക്ക് കണ്ണൂർ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററേയും വരണാധികാരികളായി സ്ഥാനനിർദ്ദേശം ചെയ്യുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.